പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

. 10.02.2020 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **143**

## വോട്ടർപട്ടിക പുതുക്കുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, ടി. വി. ഇബ്രാഹിം :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | വരാനിരിക്കുന്ന പഞ്ചായത്ത്, മുനിസിപ്പൽ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2020 ൽ നടത്തുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ 04.01.2020 ലെ ബി1/30139/2019/സം.തി.ക നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (ബി) | വോട്ടർപട്ടിക പുതുക്കുന്നതിന് നിലവിലുള്ള പട്ടിക കരടായി 2020 ജനുവരി 20 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും ജനുവരി 20 മുതൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിച്ച് വരുകയാണ്. ഫെബ്രുവരി 14 വരെ അവ സമർപ്പിക്കുന്നതിന് നിലവിൽ അവസരം നൽകിയിട്ടുണ്ട്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവ സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 28 ന് പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | 2019- ലെ ലോക് സഭ തെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക ആധാരമാക്കിയാണോ വോട്ടർ പട്ടിക പുതുക്കുന്നത്; അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | അല്ല.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലായതിനാൽ ഓരോ വാർഡിനും മാത്രമായി വോട്ടർപട്ടിക തയ്യാറാക്കേണ്ടതുണ്ട്. അസംബ്ലി, പാർലമെന്റ് തെരഞ്ഞെടുപ്പിന് അസംബ്ലി പോളിംഗ് ബൂത്ത് അടിസ്ഥാനമാക്കിയാണ് വോട്ടർപട്ടിക തയ്യാറാക്കുന്നത്. ഒരു അസംബ്ലി പോളിംഗ് ബൂത്തിൽ ഒന്നിലധികം പഞ്ചായത്ത് മുനിസിപ്പാലിറ്റി വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്. അതിനാൽ അസംബ്ലി ബൂത്ത് പട്ടിക അതേ രൂപത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല. അസംബ്ലി ബൂത്ത് പട്ടിക വാർഡ് തലത്തിൽ ക്രമീകരിക്കുന്നതിന് ഒരു ബൂത്തിന് ഒരു ഓഫീസർ എന്ന നിലയ്ക്ക് 25000-ത്തോളം ഉദ്യോഗസ്ഥരെ നിയോഗിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടിവരും. പിന്നീട് അവ ഡേറ്റാ എൻട്രി വരുത്തി വാർഡ് തലത്തിൽ ക്രമീകരിച്ച് പ്രസിദ്ധീകരിക്കണം. ഇതിന് കുറഞ്ഞത് 5 മാസകാലയളവും ഏകദേശം 10 കോടി രൂപയും വേണ്ടിവരും.<br>2015 ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി അത്തരത്തിൽ വോട്ടർപട്ടിക ക്രമീകരിച്ച് സംസ്ഥാന |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി ഒരു ഡാറ്റാബേസ് തയ്യാറാക്കിയിരുന്നു. അത് അടിസ്ഥാനമാക്കിയാണ് നാളിതുവരെയുള്ള ഉപതിരഞ്ഞെടുപ്പുകളും കമ്മീഷൻ നടത്തിയിരുന്നത്. അതിനാൽ 2020 ലെ പൊതുതെരഞ്ഞെടുപ്പിനായി പ്രസ്തുത വോട്ടർപട്ടിക പുതുക്കി ഉപയോഗിച്ചാൽ മതിയാകും. ഇപ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. മുകളിൽ വിവരിച്ച കാരണങ്ങളാൽ 2020 ലെ പൊതുതെരഞ്ഞെടുപ്പിനായി 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക അടിസ്ഥാനമാക്കേണ്ടതില്ല എന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- വോട്ടർപട്ടിക പുതുക്കുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03/7/14 ലെ 337/2014/സം.തി.ക നമ്പർ ഉത്തരവ്.
2. 07.01.2017 ൽ കമ്മീഷനിൽ വച്ച് നടന്ന യോഗ തീരുമാനം

04.01.2020

നം.ബി1/ 30139/2019/സം.തി.ക

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുകൾക്കും ഉപതിരഞ്ഞെടുപ്പുകൾക്കും ഉപയോഗിക്കുന്ന ആവശ്യത്തിലേയ്ക്കായി വോട്ടർപട്ടികയുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം 1 ലെ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. അതനുസരിച്ച് 2014 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ച അസംബ്ലി ബൂത്ത്തല വോട്ടർപട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കിയിരുന്നു. അത്തരത്തിൽ തയ്യാറാക്കിയ ഡാറ്റാബേസ് അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ച് കറ്റമറ്റ രീതിയിൽ പുതുക്കുകയും അവ 2015 ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പൊതുതിരഞ്ഞെടുപ്പിന് ശേഷം നാളിതുവരെ നടന്നിട്ടുള്ള എല്ലാ ഉപതിരഞ്ഞെടുപ്പുകളിലും 2015 ലെ വോട്ടർപട്ടികയാണ് അടിസ്ഥാനപട്ടികയായി ഉപയോഗിച്ചിരുന്നത്.

2. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും 2020 ഒക്ടോബർ – നവംബർ മാസത്തിൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലേയും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2076 വാർഡുകളിലേയും 14 ജില്ലാ പഞ്ചായത്തിലെ 331 വാർഡുകളിലേയും 86 മുനിസിപ്പാലിറ്റികളിലെ 3086 വാർഡുകളിലേയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 414 വാർഡുകളിലേയും വോട്ടർപട്ടിക പുതുക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നു.

3. 2020 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി 2015 ലെ പൊതുതിരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനപട്ടികയായി പ്രസിദ്ധീകരിച്ച് പുതുക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് പുനർവിഭജനം ഉണ്ടാകുന്ന സാഹചര്യത്തിൽ അവ പൂർത്തിയാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം പുതുക്കുന്ന വോട്ടർപട്ടിക പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുനഃക്രമീകരിച്ച് വീണ്ടും പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

4. മേൽ വിവരിച്ച സാഹചര്യങ്ങളിൽ സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2020 ലെ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക്, 2015 ന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനായി ഉപയോഗിച്ച വോട്ടർപട്ടികയും മറ്റ് വാർഡുകളിൽ 2015 ലെ വോട്ടർപട്ടികയും അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ച് അനുബന്ധം 1 ലും, 2 ലും ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പുതുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം - 1</u>

- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും സമ്മ
തിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായും സംസ്ഥാന തിരഞ്ഞെ
ടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വേണം വോട്ടർപട്ടിക പുതു
ക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നടപടിസ്വീകരിക്കേണ്ടത്.
- <u>വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2020 ആണ്.</u> യോഗ്യതാ തീയതിയായി
നിശ്ചയിച്ചിട്ടുള്ള 2020 ജനുവരി 1-ാം തീയതിയ്ക്കോ അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ
മാത്രമേവോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.
- 2015-ന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച പട്ടികയും മറ്റ്
വാർഡുകളിൽ 2015 ലെ വോട്ടർപട്ടികയും അടിസ്ഥാനമാക്കി വേണം കരട് വോട്ടർപട്ടിക തയ്യാറാക്കേ
ണ്ടത്.
- നിലവിലെ അടിസ്ഥാനപട്ടികയും സപ്ലിമെന്ററിപട്ടികകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത
വോട്ടർപട്ടിക കമ്മീഷന്റെ <u>www.lsgelection.kerala.gov.in/eroll</u> എന്ന വെബ് സൈറ്റിൽ ലഭ്യ
മാണ്. ഇത് ഡൗൺലോഡ് ചെയ്ത് വേണം കരട് പട്ടികയായി പ്രസിദ്ധീകരിക്കേണ്ടത്.
- കരട് വോട്ടർപട്ടിക സംബന്ധിച്ച നോട്ടീസ് മൂന്നാം നമ്പർ ഫോറത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ
ഓഫീസിലും വില്ലേജാഫീസിലും താലൂക്കാഫീസിലും <u>20/01/2020 (തിങ്കൾ)- ൽ</u> പ്രസിദ്ധപ്പെടുത്തേണ്ടതും,
പ്രസിദ്ധപ്പെടുത്തിയെന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ലഭ്യമാക്കി അന്നേദി
വസം തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാ
ണ്. പഞ്ചായത്തുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും ജില്ലാ പഞ്ചായത്ത്
ഓഫീസിലും കൂടി അവ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
- കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേരുവിവരം ബന്ധപ്പെട്ട രജിസ്റ്ററുകൾ
പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വ
യംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെ
ടുത്തി 7 ദിവസത്തിനകം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ
ലഭിക്കാത്തപക്ഷം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ മരണ
പ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും സ്വമേധയാ നീക്കം ചെയ്യേണ്ട
തുമാണ്.
- വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും (ഫാറം 4) വോട്ടർ പട്ടിക
യിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും (ഫാറം 6) ഒരു പോളിംഗ് സ്റ്റേഷനിൽ നിന്ന് മറ്റൊരു
പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു വാർഡിൽ നിന്നും മറ്റൊരു വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബ
ന്ധിച്ച ആക്ഷേപങ്ങളും (ഫാറം 7) ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കു
ന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ (ഫാറം5) നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം സ്വീകരിയ്ക്കേ
ണ്ടത്.
    - ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് ലഭിക്കുന്ന ഓരോ അവകാശവാദ അപേക്ഷയും ആക്ഷേപ
    വും സംബന്ധിക്കുന്ന വിവരങ്ങൾ 9, 10, 11 നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും,
    അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ്
    കൽപിക്കുന്നതുവരെ പഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേ
    ണ്ടതുമാണ്.

- മേൽപറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി യഥാസമയം സ്വീകരിക്കേണ്ടതാണ്. <u>ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധം -2 - ൽ ചേർത്തിട്ടുണ്ട്.</u>
- അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർപട്ടിക <u>28/02/2020 (വെള്ളി)</u>-ന് പ്രസിദ്ധീകരിക്കേണ്ടതാണ്.
- കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള രാഷ്ട്രീയകക്ഷികൾക്ക് സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത വോട്ടർപട്ടികകളുടെ രണ്ടുപ്രതികൾ വീതം നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും അവർ ആവശ്യപ്പെടുന്നപക്ഷംസൗജന്യമായിനൽകേണ്ടതാണ്.
- **<u>കമ്മീഷൻ കാലാകാലങ്ങളിൽ അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം രേഖപ്പെടുത്തേണ്ടതാണ്.</u>**
- വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ആരംഭംമുതൽ അവസാനം വരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും വിധേയമാണ്.
- **പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ <u>www.lsgelection.kerala.gov.in</u> എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.**
- *<u>സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്.</u>*
- വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച കാര്യപരിപാടി ചുവടെചേർക്കുന്നു.

<u>**വോട്ടർപട്ടിക പുതുക്കൽ – കാര്യപരിപാടി**</u>

| | |
|---|---|
| മാസ്റ്റർ ട്രെയിനർമാർ മുഖേന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകേണ്ടത് | 2020 ജനുവരി 13 മുതൽ 15 വരെ |
| ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കൽ | 2020 ജനുവരി 16 , 17 |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2020 ജനുവരി 20 |
| കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാന തീയതി | 2020 ഫെബ്രുവരി 14 |
| അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ | 2020 ഫെബ്രുവരി 25 |
| അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 2020 ഫെബ്രുവരി 28 |

## അനുബന്ധം- 2

# ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2020 -ൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ കരട് 20.01.2020 ൽ പ്രസിദ്ധീകരിക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
2. കരട് വോട്ടർ പട്ടിക സംബന്ധിച്ച അവകാശ വാദങ്ങളും ആക്ഷേപങ്ങളും അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ 20.01.2020 **മുതൽ 14.02.2020** വരെ സ്വീകരിക്കേണ്ടതാണ്.
3. അപേക്ഷകൻ കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന സൈറ്റിലാണ് ഓൺലൈൻ അപേക്ഷകൾ അയയ്ക്കേണ്ടത്.
4. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) പേരു വിവരം ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്കോ വാർഡിലേയ്ക്കോ മാറ്റുന്നതിനും (ഫാറം 7) ഉള്ള അപേക്ഷകൾ/ ആക്ഷേപങ്ങൾ ഓൺലൈനിലൂടെ മാത്രം സ്വീകരിക്കേണ്ടതാണ്.
5. ഓൺലൈൻ അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ അപേക്ഷകന് നേർവിചാരണയ്ക്കുള്ള നോട്ടീസ്(യഥാക്രമം ഫാറം 12, 15, 15എ) ലഭിക്കും.
6. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് അല്ലെങ്കിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്. 8-ാം ഫാറത്തിലെ ആക്ഷേപങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 23, 24 വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 വകുപ്പുകൾ പ്രകാരവും വോട്ടർപട്ടിക പുതുക്കുന്നതിന് കമ്മീഷൻ നിർദ്ദേശം നൽകുമ്പോൾ മാത്രമാണ് നേരിട്ട് സ്വീകരിക്കേണ്ടത്.
7. ഫാറം 5-ലെ ആക്ഷേപങ്ങൾക്ക് ആക്ഷേപകന് ഫാറം 13-ലും ആർക്കെതിരെ- യാണോ ആക്ഷേപം ഉന്നയിക്കുന്നത് അയാൾക്ക് ഫാറം 14-ലും നേർവിചാര-ണക്കുള്ള നോട്ടീസ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിലവിലെ രീതിയനുസരിച്ച് നൽകണം.
8. www.lsgelection.kerala.gov.in/eroll എന്ന സൈറ്റിലാണ് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത്.
9. ഓരോ ദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപ-ങ്ങളുടേയും ലിസ്റ്റുകൾ (ഫാറം 9, 11) പ്രിന്റ് എടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ് [Admin ID → Menu → ( Download Form 9, Form 11) → Date → Form 9/Form 11→ List → Print].
10. ഫാറം 5, 8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10-ൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.
11. ഓരോ ദിവസവും നേർവിചാരണയ്ക്ക് അപേക്ഷകർ ഹാജരാകുന്ന മുറയ്ക്ക് അവരുടെ അപേക്ഷ പരിശോധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സെക്ഷൻ ക്ലാർക്കിനെ (User ID) ചുമതലപ്പെടുത്തേണ്ടതാണ്.
12. അപേക്ഷകർ നേർവിചാരണയ്ക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും User വിശദമായി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തുടർന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ വാങ്ങി അപ്‌ലോഡ് ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്. [User ID → Addition Management/Correction Management/ P.S Change Management → List → Select Voter → Verify and Correction → Upload Photo ( if needs) → Save and Print → Forward to Admin for Confirmation].

13.യൂസർ Confirm ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് Admin
Menu–ൽ ലഭ്യമാകും.

14.ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (Admin ID) പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുമായി പരി
ശോധിക്കണം. ആവശ്യമെങ്കിൽ, തുടർ അന്വേഷണം നടത്തുകയും വേണം. 1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമ
ങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്.
തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷയുടെ പ്രിന്റിലും ഓൺലൈനിലും ആവശ്യ
മായ എൻട്രി വരുത്തണം. [Admin ID → Addition Management/Correction Management/ P.S Change
Management → (select voter) → Confirm → Confirm Save & Print → Enroll in the Electoral
Roll/Reject].

15.പേര് ഉൾപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടറാ
ണെങ്കിൽ, ആ ജില്ലയുടെ പേരും തിരിച്ചറിയൽ കാർഡ് നമ്പരും കൂടി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുണ്ട്.
അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേർക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ
സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ നിർദ്ദേശം നൽകണം. [Admin ID →
Deletion Request → (select voter) Make Delete Request → Confirm Delete Request]. ഇപ്രകാരം ലഭിച്ച
നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിൽ അവയും ഈ നടപടി സ്വീകരിച്ച് ഒഴിവാക്കേണ്ടതാണ്.

16.മേൽപറഞ്ഞ പ്രകാരം ഒരു വോട്ടറുടെ പേര് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം മറ്റൊരു തദ്ദേശസ്വയംഭരണ
സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറിൽ നിന്നും ലഭിച്ചാൽ, പ്രസ്തുത വോട്ടറുടെ പേര് ആ പട്ടി
കയിൽ നിന്നും ഓൺലൈനിലൂടെ ഒഴിവാക്കേണ്ടതാണ്. [Admin ID → (select voter) Process Deletion
Request → Confirm Deletion].

17.ഫാറം 5-ലും 8-ലും ലഭിക്കുന്ന ആക്ഷേപങ്ങൾ നേർവിചാരണയ്ക്കും തുടർ അന്വേഷണത്തിനും ശേഷം അംഗീക
രിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ട- താണ്. അവ അംഗീകരിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ
ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എൻട്രി വരുത്തേണ്ടതാണ്. [User ID → Form 5, 8 Deletion
→ Ward → P.S → Sl. No. of Voter → Submit.] [Admin ID → Confirm For 5, 8 → List → Select →
Confirm]

18.അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാ
ണ്.

19.പുതിയതായി പേര് ഉൾപ്പെടുത്തുന്നവർക്ക് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയൽ രേഖ
നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ നൽകേണ്ടതാണ്.